**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1740** **05-07-2022 - ൽ മറുപടിയ്ക്ക്**

**വി കെയർ പദ്ധതിവഴി അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന വി കെയർ പദ്ധതി എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ വി-കെയർ പദ്ധതി 2014-15 സാമ്പത്തിക വർഷത്തിലാണ് ആരംഭിച്ചത്. |
| (ബി) | 2016 ജൂൺ മുതൽ 2021 മെയ് വരെ വി കെയർ പദ്ധതി വഴി വിതരണം ചെയ്ത തുക എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | 2016 ജൂൺ മുതൽ 2021 മെയ് വരെ വി കെയർ പദ്ധതി വഴി വിതരണം ചെയ്ത തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | വി കെയർ പദ്ധതിയുടെ ആനുകൂല്യത്തിനായി ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിൽ തീർപ്പ് കൽപ്പിക്കാനുണ്ടെന്നുള്ള വിവരം അറിയിക്കുമോ; | (സി) | 1000-ത്തോളം അപേക്ഷകൾ വി-കെയർ പദ്ധതിയുടെ വിവിധ കമ്മിറ്റികളുടെ പരിഗണനയിലാണ്. |
| (ഡി) | പ്രസ്തുത അപേക്ഷകർക്ക് പണം അനുവദിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ഡി) | ഫണ്ടിന്റെ അപര്യാപ്തത, മതിയായ ചികിത്സാ രേഖകൾ ലഭ്യമാക്കാത്തത്, സർജറി / ചികിത്സ തീയതികൾ മാറ്റി വയ്ക്കുകയോ കഴിയുകയോ ചെയ്തത് എന്നീ കാരണങ്ങളാൽ ധനസഹായം അനുവദിയ്ക്കുവാൻ സാധിച്ചിട്ടില്ല. |
| (ഇ) | പ്രസ്തുത പദ്ധതിയിൽ എത്ര തുക അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) | വി-കെയർ പദ്ധതിയിൽ നിലവിൽ 1,67,75,287/- രൂപയാണ് നീക്കിയിരുപ്പുള്ളത്. ടി തുക വിനിയോഗിച്ച് വി-കെയർ പദ്ധതിയിൽ ഏറ്റെടുത്ത ചികിത്സകളിലെ ബില്ലുകളുടെ ബാധ്യത തീർത്ത് വരികയാണ്. എന്നാൽ ടി തുക കൂടാതെ 3,88,30,242/- രൂപ കൂടി ലഭ്യമായാൽ മാത്രമേ നിലവിൽ വിവിധ ആശുപത്രികൾക്ക് നൽകേണ്ട കുടിശ്ശിക ബാധ്യത തീർക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| ക്രമ നം | സാമ്പത്തിക വർഷം | തുക |
|---|---|---|
| 1. | 2014-2015 | 1,98,000/- |
| 2. | 2015-2016 | 66,000/- |
| 3. | 2016-2017 | 10,000/- |
| 4. | 2017-2018 | 78,62,947/- |
| 5. | 2018-2019 | 2,63,27,520/- |
| 6. | 2019-2020 | 6,04,63,817/- |
| 7. | 2020-2021 | 7,93,20,952/- |
| 8. | 2021-2022 | 6,63,65,979/- |